തേനീച്ച വളർത്തലും തേൻ ഉദ്പാദനവും
കുത്തകകൾ ഏറ്റെടുക്കുകയും കടുത്ത
മത്സരം നിലനിൽക്കുന്ന ഒരു മേഖലയായി
ഇത് മാറുകയും ചെയ്തതോടെ
അധികഭാരത്തോടെ ജോലി ചെയ്യേണ്ടി വന്ന
തേനീച്ചകളുടെ പ്രതിരോധ ശേഷി നഷ്ടപ്പെട്ടു.
ആന്റിബയോട്ടിക് ചികിത്സ നടത്തിയാണ്
ഇവയുടെ പ്രതിരോധശേഷി വീണ്ടെടുത്തത്.
ഫലമോ, നിരോധിക്കപ്പെട്ടതും മാരകവുമായ
ആന്റിബയോട്ടിക്കുകളാണ്
ഇന്ന് നാം കഴിക്കുന്ന
തേനിൽ അടങ്ങിയിരിക്കുന്നത്.
**സുനിതാ നാരായൺ** വിലയിരുത്തുന്നു

# മധുരം കുറയും മധു

നാം കഴിക്കുന്നതെന്തോ അതാണ് നാം എന്ന് പറയാറുണ്ട്. എന്നാൽ എന്താണ് നാം കഴിക്കുന്നതെന്ന് നമ്മൾ അറിയുന്നുണ്ടോ? അടുക്കളയിൽ നാം പാകം ചെയ്യുന്നതിനും മുമ്പ് നമുക്ക് ഈ ഭക്ഷണപദാർത്ഥങ്ങൾ പാകപ്പെടുത്തി തരുന്നവരെക്കുറിച്ച്, അതെങ്ങനെയെന്നതിനെക്കുറിച്ച് നമുക്കറിയാമോ? ഈ വിഷയത്തെ പറ്റി കൂടുതൽ ചിന്തിക്കുന്തോറും, എന്നും കഴിക്കുന്ന ഭക്ഷണത്തിന്റെ നൂലാമാലകളെക്കുറിച്ച് തികച്ചും അജ്ഞരാണ് നമ്മളെന്ന് മനസ്സിലാക്കാൻ കഴിയും. എന്നാൽ അതങ്ങനെയായാൽ പോരാ.

ചെറിയ ഉദാഹരണമായി തേനിന്റെ കാര്യമെടുക്കാം. മനോഹരമായ പൂവുകളിൽ നിന്നും തേനീച്ചകൾ നുകരുന്ന തേൻ. നമ്മുടെ വീടിനടുത്തുള്ള കടയിൽ നിന്നും ഏറ്റവും ശുദ്ധവും പ്രകൃതിദത്തവുമെന്ന് കരുതി വാങ്ങുന്ന ഉല്പന്നം. തേൻ വാങ്ങുന്ന ഭൂരിഭാഗം പേരും കരുതുന്നത് അത് ചെറുകിടകർഷകർ ഉല്പാദിപ്പിച്ചതോ അല്ലെങ്കിൽ കാട്ടിൽ നിന്നും ശേഖരിക്കപ്പെടുന്ന തേൻ വലിയ കമ്പനികൾ പാക്ക് ചെയ്ത് തരുന്നതോ ആണെന്നാണ്.

പക്ഷേ, തേനിന്റെ ബിസിനസ്സ് ഏറെ മാറിപ്പോയി എന്ന് നമുക്കാർക്കുമറിയില്ല. എപ്പോഴും ഭക്ഷ്യസംസ്കാരം സസ്യങ്ങളുടെയും മൃഗങ്ങളുടെയും ജൈവവൈവിധ്യവുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്ന ഒന്നാണെന്നും ആരും ഓർക്കാറില്ല. സാധാരണ തേനീച്ചയുടെ കാര്യത്തിൽ സംഭവിച്ചതും ഇതുതന്നെയാണ്. കുറച്ച് വർഷങ്ങൾക്കു മുമ്പ്, തേനുല്പാദനത്തിൽ മുമ്പനായ ഒരു യൂറോപ്യൻ തേനീച്ചയെ ഇന്ത്യയിലേക്ക് കൊണ്ടുവരാൻ ഇന്ത്യയിലെ ചില പ്രമുഖ ഗവേഷണസ്ഥാപനങ്ങൾ തീരുമാനിച്ചു.

എപ്പിസ് മെലിഫെറ എന്ന ഈ വിദേശി വന്നതോടെ എപ്പിസ്



സെറാന എന്ന നമ്മുടെ സ്വന്തം തേനീച്ചകൾ കുറയാൻ തുടങ്ങി. ഇതിനിടെ തേനുല്പാദനരീതികളും ഏറെ മാറി. തേനുല്പാദനം ചെറുകിടകർഷകരിൽ നിന്നും വാണിജ്യ താല്പര്യം മാത്രമുള്ള, വളരെ ആസൂത്രിതമായി നീങ്ങുന്ന ചില കമ്പനികളുടെ കുത്തകയായി മാറി. തേനീച്ച കോളനികളിലെ രാജ്ഞിമാരെ വിതരണം ചെയ്യുന്നതു മുതൽ വിവിധ സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന തേനീച്ച കർഷകർക്കാവശ്യമായ രോഗപ്രതിരോധസംവിധാനങ്ങൾ നൽകുന്നതും പ്രസ്തുത കമ്പനികളാണ്.

ഒരു തരം ഔട്ട് സോഴ്സിംഗ് രീതിയിലാണിവർ വിവിധ ഇടനില കമ്പനികളെക്കൊണ്ട് ജോലികൾ ചെയ്യിപ്പിക്കുന്നത്. ഉദാഹരണത്തിന് തേനീച്ചകൾക്ക് ധാരാളം തേൻ കിട്ടാവുന്ന ഹിമാചലിലെ ആപ്പിൾ തോട്ടങ്ങൾ കണ്ടെത്താൻ പ്രത്യേകം ജോലിക്കാർ ഇവർക്കുണ്ട്.

അങ്ങനെ നമുക്ക് തേനീച്ചകളുടെ ജൈവവൈവിധ്യത്തോടൊപ്പം കച്ചവടത്തിന്റെ വൈവിധ്യവുമാണ് നഷ്ടമായത്. പക്ഷേ പ്രകൃതിക്ക് പ്രതികരിക്കാൻ സ്വാഭാവികമായ മാർഗ്ഗങ്ങളുണ്ട്. തേനീച്ചകളുടെ ഈ അമിതോപയോഗം കാരണം യു എസിലെയും യൂറോപ്പിലെയും കോളനികളിൽ നിന്നും ഇവ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇത് തിരിച്ച് കാർഷികോല്പാദനത്തെയും ദോഷകരമായി ബാധിച്ചിരിക്കുന്നു, കാരണം രാജ്യമൊട്ടാകെ പരാഗണം നടത്തുന്ന ജോലിക്കാരാണ് ഇവിടെ നഷ്ടമായിരിക്കുന്നത്. വർഷം തോറും 20 മില്ല്യൺ ഡോളർ ചെലവാക്കുന്ന, പരാഗണതേനീച്ചകളെ ഉപയോഗിച്ച് കാർഷികോല്പാദനം വർദ്ധിപ്പിക്കുന്ന സംവിധാനമാണിവിടെ തകർന്നതെന്ന് മനസ്സിലാക്കുമ്പോഴാണ് ഇവയുടെ പ്രാധാന്യം നാം മനസ്സിലാക്കുന്നത്.

ഇന്ത്യയിലെ കാര്യവും വ്യത്യസ്തമല്ല. കടുത്ത മത്സരമുള്ള ഈ മേഖലയിൽ അധികഭാരത്തോടെ ജോലി ചെയ്യേണ്ടി വന്ന തേനീച്ചകൾക്ക് പ്രതിരോധശേഷി നഷ്ടപ്പെടുന്നു. ഉടൻ ഇവർക്ക് ആന്റിബയോട്ടിക് ചികിത്സ ആരംഭിച്ചു. ഫലമോ, തേനിനോടൊപ്പം ഉയർന്ന ഡോസിലുള്ള ആന്റിബയോട്ടിക്കുകൾ നമുക്ക് ലഭിക്കാൻ തുടങ്ങി. നിരോധിക്കപ്പെട്ടതും മാരകവുമായ ആംപിസിലിൻ, എൻറോഫ്ളോക്സാസിൻ, സിപ്രോഫ്ളോക്സാസിൻ, എറിത്രോമൈസിൻ തുടങ്ങിയ ആന്റിബയോട്ടിക്കുകളാണ് നാം കഴിക്കുന്ന തേനിലടങ്ങിയിരിക്കുന്നത്. ഈ പുതിയ തേനീച്ചവർഗ്ഗത്തെ നമുക്ക് സമ്മാനിച്ച യൂറോപ്പിലാകട്ടെ ഇന്ത്യൻ തേൻ നിരോധിച്ചിരിക്കുന്നു! കയറ്റുമതി ഉല്പന്നങ്ങൾക്ക് കടുത്ത നിഷ്കർഷ നൽകുന്ന അതേ ഗവൺമെന്റ് ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന തേനിന്റെ ഗുണനിലവാരം പരിശോധിക്കുന്നില്ല.

പക്ഷേ ഇതിൽ അതിശയിക്കേണ്ടതായൊന്നുമില്ല. കാരണം ഈ യുഗത്തിൽ വിട്ടുവീഴ്ചയ്ക്ക് തയ്യാറാകുന്നവർ കരുത്തൻമാരാൽ നിയന്ത്രിക്കപ്പെടുന്നു. നിങ്ങൾ അതിശയിച്ചില്ലെങ്കിലും ദേഷ്യപ്പെടുകയെങ്കിലും ചെയ്യൂ. കാരണം ഇത് നമ്മുടെ ഭക്ഷണമാണ്, നമ്മുടെ ശരീരമാണ്, നമ്മളാണ്.

(പരിഭാഷ: സബ്ന)


## കേരളീയം അടുത്തലക്കത്തിൽ

70 വർഷം മുമ്പ് സലീം അലി പക്ഷികളെ തേടി പോയ വഴിയിൽ ഇന്ന് അവശേഷിക്കുന്നതെന്ത്?

സലീം അലിയുടെ പാതയിലൂടെ നടത്തിയ പക്ഷിനിരീക്ഷണാനുഭവങ്ങൾ എസ്. രാജു വിവരിക്കുന്നു

●

ഡോ. വി.എസ്. വിജയൻ ചെയർമാനായിരുന്ന കാലത്ത് സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡിനുണ്ടായ നേട്ടങ്ങളും തിരിച്ചടികളും കേരളീയവുമായി അദ്ദേഹം പങ്കുവയ്ക്കുന്നു

●

ലാലൂർ മാതൃകാ പദ്ധതി പ്രായോഗിക ബുദ്ധിയില്ലാത്ത വെറും ആദർശപ്രസംഗം

ലാലൂർ മാലിന്യ പ്രശ്നത്തിന് പരിഹാരമായി ഡോ. പത്തിയൂർ ഗോപിനാഥ് തയ്യാറാക്കി തൃശൂർ കോർപ്പറേഷൻ നടപ്പാക്കുന്ന പദ്ധതിയെ മാലിന്യവിദഗ്ധൻ ഷിബു.കെ. നായർ വിമർശിക്കുന്നു